ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. എഫ്5/4759/2019/മെ.വി.വ.** **തീയതി: 20-12-2024**

### കാരണംകാണിക്കൽ നോട്ടീസ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജനറൽ സർജറി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമന ഉത്തരവ് ലഭിച്ചിട്ടുള്ള താങ്കൾ 30/03/2019 ൽ മഞ്ചേരി മെഡിക്കൽ കോളേജിലെ ടി വിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുകയും 07/09/2019 മുതൽ 06/09/2022 വരെ പഠനാവശ്യത്തിനായുള്ള ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്, ആയത് പാസ്സാക്കി സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. പഠനാവധി കാലയളവ് അവസാനിച്ച മുറയ്ക്ക് 07/09/2022 ൽ താങ്കൾ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും എം.സി.എച്ച് കോഴ്സിനോടനുബന്ധിച്ചുള്ള നിർബന്ധിത ബോണ്ട് ചെയ്യുന്നതിനായി 26/09/2022 മുതൽ 25/09/2023 വരെ വീണ്ടും പഠനാവധി അപേക്ഷ സമർപ്പിക്കുകയും ആയത് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി പഠനാവധി കാലയളവ് കഴിഞ്ഞിട്ടും താങ്കൾ 26/09/2023 മുതൽ ജോലിയ്ക്ക് ഹജരായിട്ടില്ല എന്ന് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ അറിയിച്ചിരുന്നു.

അനധികൃതാവധിയിൽ ഉടരുന്ന താങ്കൾ 7 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു കൊണ്ട് 11/01/2024 ന് പ്രിൻസിപ്പാൾ തലത്തിൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്തിരുന്നില്ല. ആയത് പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തതിൻപ്രകാരം ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും 17/03/2024 ഇതേ നമ്പർ പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖേന താങ്കൾക്കു അയച്ചു നൽകുകയും ചെയ്തിരുന്നു. ആയതിനു ശേഷം താങ്കൾ പ്രിൻസിപ്പാൾ മുൻപാകെ രാജി അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിനാൽ താങ്കളുടെ രാജി അംഗീകരിക്കാൻ കഴിയില്ല എന്നറിയിക്കുന്നു.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19 എ(ii) പ്രകാരം താങ്കളുടെ സേവനനിരീക്ഷണം അവസാനിപ്പിക്കുന്നതിനും സർക്കാരിലേക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമുള്ള ഒരു താൽക്കാലിക തീരുമാനം നിയമനാധികാരി എടുത്തിട്ടുണ്ട്.

ആയതിനാൽ താങ്കൾക്ക് നൽകുന്ന അവസാന അവസരമെന്ന നിലയിൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ താൽപര്യം ഉള്ള പക്ഷം ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഇനിയൊരു അറിയിപ്പ് കൂടാതെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവിസ് റൂൾസ് ഭാഗം II റൂൾ 19 എ(ii) പ്രകാരം താങ്കളുടെ സേവന നിരീക്ഷണം അവസാനിപ്പിച്ച് സർവിസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും താങ്കളെ അറിയിക്കുന്നു.

Signed by
Thomas Mathew
Date: 20-12-2024 07:58:47

THOMAS MATHEW
DIRECTOR

സ്വീകർത്താവ്:

ഡോ.വിവേക്.വി

അസിസ്റ്റന്റ് പ്രൊഫസർ

സർക്കാർ മെഡിക്കൽ കോളേജ് തൃശ്ശൂർ (പ്രിൻസിപ്പാൾ മുഖേന)